പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1130** 01/07/2015 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി: | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 2014-15 അധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.വോള്യം I പാഠപുസ്തക വിതരണത്തിൽ ആദ്യംഉണ്ടായ ചില പാകപ്പിഴവുകൾ യഥാസമയം പരിശോധിച്ച് പരിഹരിച്ചിട്ടുണ്ട്. |
| ബി) വരുന്ന അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിച്ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ; | (ബി) 2015-16 അധ്യയന വർഷത്തേക്കുള്ള ഒന്നുമുതൽ പത്തു വരെയുള്ള പാഠപുസ്തകങ്ങളുടെ അച്ചടി ചുമതല കെ.ബി.പി.എസ്സിനാണ് നൽകിയിരുന്നത്. എന്നാൽ സർക്കാർ പ്രസ്സുകളിലും പാഠപുസ്തക അച്ചടി നടന്നു. കേരള സർക്കാരിനു കീഴിലുള്ള C-apt എന്ന സ്ഥാപനത്തിനാണ് 2015-16 അധ്യയന വർഷത്തെ +1, +2 പാഠപുസ്തക ങ്ങളുടെ അച്ചടിയും വിതരണവും ഏൽപ്പിച്ചി രിക്കുന്നത്. |
| സി) പാഠപുസ്തക വിതരണം എന്നത്തേക്ക് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത് ? | (സി) 9,10 ക്ലാസ്സുകളിലെ പാഠപുസ്തക വിതരണം ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. മാറ്റമുള്ള പാഠപുസ്തക ങ്ങളുള്ള 2,4,6,8 ക്ലാസ്സുകളിലെയും മാറ്റമില്ലാത്ത 1,3,5,7 ക്ലാസ്സുകളിലെയും പാഠപുസ്തക വിതരണത്തിന്റെ 50% മെയ് മാസത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും വിതരണം ചെയ്യേണ്ട പുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസം തന്നെ പൂർത്തീകരിച്ച് സ്കൂളുകളിൽ എത്തിക്കുന്നതായിരിക്കും. പ്ലസ് ടു പാഠപുസ്തക വിതരണം 95% പൂർത്തിയായിട്ടുണ്ട്, പ്ലസ് വൺ ക്ലാസുകളിലെ പുസ്തക വിതരണം ക്ലാസ് തുടങ്ങുന്നതോടെ പൂർത്തിയാകും. |

സെക്ഷൻ ഓഫീസർ